**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1118** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ മണ്ഡലത്തിൽ കടൽഭിത്തി, പുലിമുട്ട്, ടെട്രാപോഡ്, പാർശ്വഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗുരുവായൂർ മണ്ഡലത്തിലെ തീരപ്രദേശങ്ങളിൽ വകുപ്പ് നടപ്പിലാക്കുന്ന കടൽഭിത്തി/പുലിമുട്ട്/ ടെട്രാപോഡ്/ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഗുരുവായൂർ മണ്ഡലത്തിൽ 2021-22 സാമ്പത്തികവർഷത്തിൽ താൽക്കാലിക സംരക്ഷണ ഉപാധി എന്ന നിലയിൽ ജിയോ ബാഗ് ഉപയോഗിച്ച് ഏങ്ങണ്ടിയൂർ, കടപ്പുറം പഞ്ചായത്തുകളിൽ 47.25 ലക്ഷംരൂപയുടെ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>2022-23 സാമ്പത്തിക വർഷത്തിൽ മഴക്കാല മുന്നൊരുക്കത്തിന്റെ ഭാഗമായി അടിയന്തര കടൽത്തീരസംരക്ഷണ പ്രവർത്തനങ്ങൾ ക്കായി 20 ലക്ഷം രൂപ അനുവദിച്ചതിനെ തുടർന്ന് കടപ്പുറം ഗ്രാമ പഞ്ചായത്തിൽ 7.44 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്തിൽ 500 മീ. നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്ന 425 ലക്ഷം രൂപ വരുന്ന പ്രവൃത്തിയുടെ ഡി.പി.ആർ പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.<br><br>കടപ്പുറം ഗ്രാമ പഞ്ചായത്തിൽ 2500 മീറ്റർ നീളത്തിൽ ടെട്രാപോഡ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള 60.50 കോടിരൂപ വരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ച് വരുന്നു.<br><br>നിരന്തരമായ കടലാക്രമണത്തിൽ കടൽഭിത്തികൾ തകർന്ന ഗുരുവായൂർ മണ്ഡലത്തിലെ മറ്റു തീരപ്രദേശങ്ങളിൽ തീരദേശ സംരക്ഷണത്തിനായി 2022-23 സാമ്പത്തികവർഷത്തിൽ 235 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ മുൻഗണനയും ഫണ്ടിന്റെ ലഭ്യതയും കൂടി പരിഗണിച്ച് പ്രവൃത്തി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കടലാക്രമണത്തിന്റെ കാഠിന്യവും തീരശോഷണത്തിന്റെ തോതും കണക്കിലെടുത്ത് തൃശ്ശൂർ ജില്ലയിലെ ഏതെങ്കിലും പ്രദേശം ഹോട്ട് സ്പോട്ടായി കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | തെരഞ്ഞെടുത്ത 10 ഹോട്ട്സ്പോട്ടുകളിൽ തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ പ്രദേശം ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ